





# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 26

സെന്റ് ജോൺസ് യു.പി.എസ്

തിരുമുല്ലാവാരം

# ആമുഖം

1909-ൽ സ്ഥാപിതമായ തിരുമുല്ലാവാരം സെന്റ് ജോൺസ് യു.പി. സ്കൂൾ 117 വർഷങ്ങൾ പിന്നിടുകയാണ്. അഭിവന്ദ്യ ജെറോം.എം. ഫെർണാണ്ടസ് തിരുമേനിയുടെ ശ്രമഫലമായിട്ടാണ് ഈ വിദ്യാലയം രൂപം കൊണ്ടത്. തികച്ചും സാധാരണക്കാരായ മാതാപിതാക്കളുടെ മക്കളാണ് ഈ വിദ്യാലയത്തിൽ പഠിക്കുന്നത്. കൊല്ലം കാത്തലിക് കോർപ്പറേറ്റ് മാനേജ്മെന്റിന്റെ മേൽനോട്ടത്തിലുള്ള എയ്ഡഡ് വിദ്യാലയമാണിത്. പിന്നോക്ക സമുദായങ്ങൾക്കും വിദ്യ അഭ്യസിക്കുന്നതിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കടന്നുവരാൻ കഴിയണമെന്ന ലക്ഷ്യത്തിന്റെ ഫലപ്രാപ്തിക്കായി വളരെ ദീർഘവീക്ഷണത്തോടുകൂടി ഒരു അപ്പർ പ്രൈമറി സ്കൂളിന് രൂപം കൊടുക്കുവാൻ കാത്തലിക് മാനേജ്മെന്റ് തയ്യാറായെന്ന വസ്തുത പ്രശംസനീയമാണ്. ജാതിമത ഭേദമന്യേ വിദ്യയുടെ ജാലകം തുറക്കുന്ന ഈ വിദ്യാലയമുത്തശ്ശി തലമുറകൾക്ക് ഒരു അനുഗ്രഹമാണെന്ന് ഏവരും വിലമതിക്കുന്നുണ്ട്.

കൊല്ലം കോർപ്പറേഷൻ (തിരുമുല്ലാവാരം വാർഡ് 53-ൽ) സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയത്തിന്റെ ഫീഡിംഗ് ഏരിയകൾ 53,54,56,57 എന്നീ വാർഡുകളാണ്. തിരുമുല്ലാവാരം DBLPS, LPS-മരുത്തടി എന്നിവ ഈ സ്ഥാപനത്തിന്റെ ഫീഡിംഗ് സ്കൂളുകളാണ്. കൊല്ലം ഉപജില്ലാ വിദ്യാലയത്തിൽ നിന്നും 4 കി.മീ. അകലെ സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയത്തിൽ പ്രഥമാദ്ധ്യാപികയും, ഭാഷാദ്ധ്യാപികയുമടക്കം 13 അദ്ധ്യാപകരും 1 ഓഫീസ് അസിസ്റ്റന്റും സേവനം അനുഷ്ഠിക്കുന്നു.

പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി നമ്മുടെ വിദ്യാലയത്തിൽ ദീർഘകാല കാഴ്ചപ്പാടോടുകൂടിയ സമഗ്ര വിദ്യാലയ വികസന പദ്ധതി രൂപീകരിക്കേണ്ടതുണ്ട്. ഭൗതികവും, അക്കാദമികവും, സാമൂഹികവുമായ മേഖലകളിലെ വികസനം സാധ്യമാക്കുന്നതിന് സഹായകമായ കർമ്മ പദ്ധതികൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് നമ്മുടെ വിദ്യാലയ വികസന പദ്ധതി രൂപീകരിച്ചിട്ടുള്ളത്. ഇവയിൽ അക്കാദമിക മികവിലൂന്നിയുള്ള പ്രവർത്തനങ്ങൾക്കാണ് പ്രാധാന്യം നൽകിയിട്ടുള്ളത്. അധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വവിദ്യാർത്ഥികൾ, വിവിധ സാമൂഹ്യ രാഷ്ട്രീയ - സാംസ്കാരിക സന്നദ്ധ കൂട്ടായ്മയിലൂടെയാണ് ഈ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. കുട്ടികളുടെ മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷയിലുള്ള കഴിവുകൾ, കലാ, കായിക പരമായ കഴിവുകൾ എന്നിവ പരിപോഷിപ്പിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ അക്കാദമിക മേഖലയിലും, ജൈവ കൃഷിയിടം ഭൗതിക മേഖലയിലൂന്നിയ പ്രവർത്തനവും, ലൈബ്രറി ശാക്തീകരണം, പൂർവ്വ വിദ്യാർത്ഥി സംഘടന പ്രവർത്തനങ്ങൾ, പി.ടി.എ ശാക്തീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ സാമൂഹിക മേഖലയിലും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

2025-26 വർഷത്തിൽ വിദ്യാലയത്തിലെ വിവിധ ക്ലാസ്സുകളിലെ കുട്ടികളുടെ എണ്ണം

| വിഭാഗം | I | | II | | III | | IV | | V | | VI | | VII | | TOTAL | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | B | G | B | G | B | G | B | G |
| കുട്ടികളുടെ എണ്ണം | 24 | 12 | 17 | 15 | 25 | 20 | 18 | 19 | 19 | 20 | 20 | 28 | 16 | 30 | 139 | 144 |
| ആകെ | 36 | | 32 | | 45 | | 37 | | 39 | | 48 | | 46 | | 283 | |

# അധ്യാപകർ നിലവിലെ അവസ്ഥ

| വിഭാഗം | അധ്യാപകരുടെ എണ്ണം | സ്ഥിരം അധ്യാപകർ | താൽക്കാലിക നിയമനങ്ങൾ | 3 വർഷത്തിൽ കൂടുതൽ ഇതേ വിദ്യാലയത്തിൽ പ്രവർത്തിക്കുന്നവരുടെ എണ്ണം |
|---|---|---|---|---|
| എൽ.പി.വിഭാഗം | 05 | 05 | — | 2 |
| യു.പി.വിഭാഗം | 07 | 07 | — | 6 |

വിദ്യാലയത്തിലെ ഭൗതികാന്തരീക്ഷം നിലവിലെ അവസ്ഥ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| ക്ലാസ് മുറി | 17 | – |
| അഡീഷണൽ ക്ലാസ് മുറി | – | – |
| ആൺകുട്ടികൾക്കുള്ള യൂറിനൽ | 1 ബ്ലോക്ക് | 1 ബ്ലോക്ക് |
| ആൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ് | 6 | – |
| പെൺകുട്ടികൾക്കുള്ള യൂറിനൽ | 1 ബ്ലോക്ക് | 1 ബ്ലോക്ക് |
| പെൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ് | 10 | – |
| സുരക്ഷിതവും ആവശ്യാനുസരണം ഉപയോഗിക്കുവാൻ കഴിയുന്ന. തരത്തിലുള്ള കുടിവെള്ള സൗകര്യം | കിണർ, വാട്ടർ ഫിൽട്ടർ | – |
| പ്രധാന അധ്യാപക മുറി | 1 | – |
| ചുറ്റുമതിൽ | ഉണ്ട് | – |
| കളിസ്ഥലം | 25 സെന്റ് | – |
| ക്ലാസ് മുറിയിൽ റാംപ് വിത്ത് ഹാൻഡ് റെയിൽ | ഉണ്ട് | – |
| അടുക്കള | ഉണ്ട് | – |
| ലൈബ്രറി ബിൽഡിംഗ് | ഉണ്ട് | – |
| കമ്പ്യൂട്ടർ - ഡെസ്ക്ടോപ്പ് | | |

## വിദ്യാലയത്തിലെ ഐ.ടി അനുബന്ധ സാമഗ്രികളുടെ അവസ്ഥ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| കമ്പ്യൂട്ടർ - ഡെസ്ക്ടോപ്പ് | 4 | 10 |
| ലാപ്ടോപ്പ് | 10 | 4 |
| പ്രൊജക്ടർ - എൽ.സി.ഡി | 4 | 6 |
| റേഡിയോ | | 1 |
| ടി.വി | | 1 |
| വിക്ടേഴ്സ് ചാനലിന്റെ ലഭ്യത | | 1 |
| D.V.D പ്ലേയർ | | 1 |
| ഇന്റർനെറ്റ് കണക്ഷൻ | 1 ഉണ്ട് | 1 |
| വിദ്യാലയത്തിനു സ്വന്തമായി വെബ്സൈറ്റ് | – | 1 |
| ബ്ലോഗ് | – | 1 |
| ഇ-മെയിൽ ഐ.ഡി | ഉണ്ട് | |
| സ്മാർട്ട് ക്ലാസ്സ് റൂം | – | 3 |
| ഇന്ററാക്ടീവ് വൈറ്റ്ബോർഡ് | 3 | 10 |

# വിദ്യാലയത്തിലെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള അനുബന്ധ സംവിധാനങ്ങൾ - നിലവിലെ അവസ്ഥ

| വിഭാഗം | നിലവിലെ അവസ്ഥ (കഴിഞ്ഞകാല പ്രവർത്തനങ്ങളും വിലയിരുത്തലുകളുമാണ് ഇവിടെ നൽകേണ്ടത്) |
|---|---|
| എസ്.ആർ.ജി | മീറ്റിംഗുകൾ കൃത്യമായി കൂടുന്നു. പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു. |
| എം.പി.ടി.എ | വിവിധ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. |
| പി.ടി.എ | സഹകരണവും പങ്കാളിത്തവുമുണ്ട്. |
| എസ്.ആർ.ജി | മാനേജ്മെന്റ്, ജനപ്രതിനിധി, വിരമിച്ച അധ്യാപകർ, PHC [illegible], റോട്ടറി ക്ലബ്ബ്, PTA, MPTA മെമ്പേഴ്സ്, noon meal കമ്മിറ്റി തുടങ്ങിയ മേഖലകളിൽ നിന്നെല്ലാം അംഗങ്ങൾ സ്കൂളിന്റെ സമഗ്ര വളർച്ചയിൽ പങ്കാളികളാകുന്നുണ്ട്. എങ്കിലും ഈ മേഖലയിൽ കൂടുതൽ ശാക്തീകരണം ആവശ്യമാണ്. |
| ജാഗ്രതാ സമിതി | അനുദിന ജീവിതത്തിൽ വിദ്യാർത്ഥികൾക്ക് നേരിടേണ്ടിവരുന്ന പ്രശ്നങ്ങളെക്കുറിച്ച് ബോധ്യപ്പെടുത്തുവാനും ലഹരിവിരുദ്ധ ആശയങ്ങൾ വിദ്യാർത്ഥികളിൽ രൂപപ്പെടുത്തുവാനും ജാഗ്രതാസമിതി പ്രവർത്തിക്കുന്നു. വാർഡ് കൗൺസിലർ, നിയമപാലകർ, ആരോഗ്യ പ്രതിനിധികൾ, പോലീസ്, auto drivers തുടങ്ങിയവർ ഒരുമിച്ച് പ്രവർത്തിച്ചുകൊണ്ട് കുട്ടികളുടെ പ്രശ്നങ്ങൾക്ക് പരിഹാരമാർഗങ്ങൾ കണ്ടെത്തുന്നു. |

| | |
|---|---|
| ക്ലബ് പ്രവർത്തനങ്ങൾ | സയൻസ്, സോഷ്യൽ സയൻസ്, ഗണിതം, ഇക്കോ, ഹെൽത്ത്, സുരക്ഷ എന്നിവയുടെ ക്ലബുകളും ടാലന്റ് ക്ലബുകളും നിലവിൽ സജീവമായി പ്രവർത്തിക്കുന്നു. |
| ലൈബ്രറി ലാബ് പ്രവർത്തനങ്ങൾ | ലൈബ്രറിക്കു വേണ്ടി പ്രത്യേക മുറി ക്രമീകരിച്ചിട്ടുണ്ട്. നിലവിൽ ആവശ്യത്തിനു പുസ്തകങ്ങൾ ഉണ്ട്. ക്ലാസ് ലൈബ്രറിയുടെ ഘടനയിൽ തന്നെ വിതരണം ചെയ്യുന്നുണ്ട്. |
| കമ്പ്യൂട്ടർ, സയൻസ്, സാമൂഹ്യ ശാസ്ത്ര, ഗണിത, ലാംഗ്വേജ് ലാബ് | കമ്പ്യൂട്ടർ ലാബ്, സയൻസ് ലാബ്, സാമൂഹ്യ ശാസ്ത്ര ലാബ്, ഗണിത ലാബ്, എന്നിവ നിലവിലുണ്ട്. |
| മറ്റുള്ളവ | ക്ലാസ് ലൈബ്രറി സജ്ജമാണ് |

## പഠനമേഖലയിലെ പ്രശ്നങ്ങൾ

ഈ വിദ്യാലയത്തിലെ ഭൂരിഭാഗം വിദ്യാർത്ഥികളും സമൂഹത്തിന്റെ ദുർബലവിഭാഗത്തിൽ പെട്ടവരാണ്. തോട്ടത്തൊഴിലാളികളും കൂലിവേല ചെയ്യുന്നവരുമായ രക്ഷകർത്താക്കളിൽ 75% നിരക്ഷരരാണ്. കഠിനമായ ജോലികളും, സാമ്പത്തിക ക്ലേശങ്ങളും അറിവില്ലായ്മയും മൂലം ശരിയായ ശരിയായ വിധത്തിൽ ശ്രദ്ധിക്കുവാനോ സമഗ്ര വളർച്ചയിൽ ഗണ്യമായ പങ്കുവഹിക്കുവാനോ രക്ഷകർത്താക്കൾ പ്രാപ്തരല്ല. ഇത് പഠന നിലവാരത്തെ സാരമായി ബാധിക്കുന്നു.
ശരിയായ ലക്ഷ്യബോധത്തോടു കൂടിയുള്ള തേടുന്ന വിജയങ്ങൾ ഉന്നതത്തെ വിദ്യാർത്ഥികൾക്ക് താരതമ്യേന കുറവാണ്.

## ക്ലാസ് തലത്തിലെ പ്രശ്നങ്ങൾ

(i) ഭാഷയുമായി ബന്ധപ്പെട്ട് വിശകലനം ചെയ്യുമ്പോൾ 20% കുട്ടികൾ ഭാഷയിൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. വിവിധതരമായ കൃതികൾ പരിശോധിച്ചാൽ കുട്ടികൾ ചിഹ്നങ്ങൾ ഉപയോഗിക്കാത്തതുകൊണ്ട് അക്ഷരത്തെറ്റുകൾ ധാരാളം ഉണ്ടാകുന്നു. ഇംഗ്ലീഷ്, ഹിന്ദി എന്നീ വിഷയങ്ങളിൽ പദസമ്പത്തിന്റെ അപര്യാപ്തത ഒരു പ്രശ്നമായി കാണുന്നു. ഗണിതത്തിൽ പ്രശ്നാപഗ്രഥനം വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ടായി നിൽക്കുന്ന ഒരു പ്രശ്നമാണ്.

(ii) എൽ.പി. ക്ലാസുകളിൽ ഭാഷാതലത്തിൽ പൊതുവെ ആശയങ്ങൾ സമാഹരിച്ച് എഴുതുന്നതിൽ കുട്ടികൾ പിന്നോക്കം നിൽക്കുന്നുണ്ട്. ഗണിതത്തിൽ പുനഃക്രമീകരണത്തിലും പ്രശ്നാപഗ്രഥനത്തിലും കുട്ടികൾ ഇനിയും മെച്ചപ്പെടേണ്ടതുണ്ട്.

## കൃത്യമായ പരിഹാരം സ്വീകരിച്ച നടപടികൾ

(i) കുട്ടികൾ എഴുത്തിലും വായനയിലും കൂടുതൽ പ്രാവീണ്യം നേടുന്നതിന് അക്ഷരത്തെറ്റി, മലയാളത്തിളക്കം, വായനാച്ചങ്ങാത്തം, ലാംഗ്വേജ് ലാബ് ആരംഭിച്ചു.

(ii) ആശയത്തിന്റെ മേഖല കൂടുതൽ സമ്പുഷ്ടമാക്കുന്നതിന് ക്ലാസ് ലൈബ്രറി ശാക്തീകരിക്കുകയും പുസ്തക വായനക്ക് ക്രമീകരണങ്ങൾ വരുത്തുകയും വായനാക്കുറിപ്പ് തയ്യാറാക്കുകയും ചെയ്തു ക്ലാസിൽ പുസ്തക പരിചയം നടത്തി.

## കൈവരിച്ച നേട്ടം / കോട്ടം

(i) ഭാഷാ വിഷയങ്ങളിൽ അക്ഷരത്തെറ്റി, മലയാളത്തിളക്കം, വായനാച്ചങ്ങാത്തം, ലാംഗ്വേജ് ലാബ്, ഹലോ ഇംഗ്ലീഷ് ക്ലാസ്, ക്ലാസ് ലൈബ്രറി മാറ്റങ്ങൾക്ക് വഴിവെച്ചു. ദൈനംദിനസാഹചര്യത്തിലുള്ള ഗണിതപഠനവും ദൈനംദിന ജീവിതവുമായി ബന്ധപ്പെടുത്തി ഗണിതത്തെ മനസ്സിലാക്കുകയും ചതുഷ്ക്രിയകൾ ഉറപ്പിക്കുവാനും ക്രിയാശേഷി വർദ്ധിപ്പിക്കുവാനും ശ്രമിക്കുകയുണ്ടായിട്ടുണ്ട്. ഉല്ലാസഗണിതം, ഗണിതവിജയം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ഗണിതശേഷി വർദ്ധിപ്പിച്ചു.

# 2025-26 അധ്യയന വർഷത്തെ ലക്ഷ്യങ്ങൾ

- ഒന്നു മുതൽ ഏഴ് വരെ ഓരോ ക്ലാസിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും അന്താരാഷ്ട്ര നിലവാരമുള്ള ധാരണകളും നൈപുണികളും കഴിവിനനുസരിച്ച് നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.
- ഗണിതം, സയൻസ്, സോഷ്യൽ സയൻസ്, ഭാഷ, IT എന്നീ വിഷയങ്ങളിൽ ധാരണയും കഴിവും നേടണം. പഠനവിഷയങ്ങളിൽ ആത്മവിശ്വാസം ഉണ്ടാകണം.
- സാമൂഹിക രംഗത്തെ ധാരണ, പരിസ്ഥിതി ജ്ഞാനം തുടങ്ങിയവ കൈവരിക്കണം
- പാഠ്യേതര വിഷയങ്ങളിൽ വൈവിധ്യവും ആർജ്ജവവും വേണം.
- ഓരോ കുട്ടിയും ചുരുങ്ങിയത് മൂന്ന് ഭാഷകളിലെങ്കിലും ഭാഷാജ്ഞാനവും ആശയവിനിമയ ശേഷിയും നേടണം.
- പ്ലാസ്റ്റിക് മുക്ത - കീടനാശിനി മുക്ത - ലഹരിമുക്ത ക്യാമ്പസുകൾ സൃഷ്ടിക്കുന്നു.
- സ്കൂൾ തലത്തിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇല്ലാത്തവസ്ഥ നേടുന്നു.
- സ്കൂൾ കുട്ടികൾക്ക് കൗൺസലിംഗ് സൗകര്യങ്ങൾ ഉണ്ടാകുന്നു.
- പൊതുവിദ്യാലയങ്ങളെ പൊതുസമൂഹത്തിന്റെ പിൻതുണയോടെയും പിൻബലത്തോടെയും അവരെ പൂർണ്ണമായ പങ്കാളിത്തത്തോടെയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നു.
- കുട്ടിയെ ഒരു യൂണിറ്റായി കണ്ട് സ്കൂളിന്റെ ഒരു ടാലന്റ് ലാബായി വികസിപ്പിക്കൽ.
- ജൈവവൈവിധ്യ പാർക്ക് നവീകരണം.
- കൃഷി ഒരു സംസ്കാരം എന്ന ആശയത്തിലൂന്നി സ്കൂൾ പരിസരത്ത് പച്ചക്കറി കൃഷി ആരംഭിക്കുന്നു
- ഔഷധത്തോട്ട നിർമ്മാണം
- രക്ഷകർത്താക്കൾക്കും വിദ്യാർത്ഥികൾക്കും ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു.

- വിദ്യാർത്ഥികൾക്ക് ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് ആരോഗ്യ പരിപാലന പരിപാടികൾ നടപ്പിലാക്കുന്നതാണ്.
- നിരന്തര മൂല്യനിർണ്ണയത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി പഠനപ്രബോധനം നടത്തുന്നു.
- ക്ലബ്ബുകൾ ശാക്തീകരിക്കുന്നു.

ദിനാചരണങ്ങൾ സാമൂഹിക പങ്കാളിത്തത്തോടെ വിപുലമാക്കുകയും അവ പഠനാനുഭവങ്ങളാക്കി മാറ്റുകയും ചെയ്യുന്നു.

നൂൺ മീൽ കമ്മിറ്റി രൂപീകരിച്ച് കുട്ടികൾക്ക് ഉച്ചഭക്ഷണം മെച്ചപ്പെട്ട രീതിയിൽ ലഭിക്കാനുള്ള സാഹചര്യം സംജാതമാക്കുക.

പഠനപ്രവർത്തനങ്ങൾ ICT സാധ്യതയോടെ കൂടുതൽ ലക്ഷ്യപ്രാപ്തിയിലെത്തിക്കുക

കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിന് പ്രാധാന്യം നൽകുന്ന ക്ലാസുകൾ നടത്തുന്നു.

## ലക്ഷ്യപ്രാപ്തിക്കുവേണ്ടി സ്വീകരിക്കേണ്ട നടപടികൾ

ദിനാചരണങ്ങൾ, ജന്മദിനങ്ങൾ മറ്റു പ്രധാനപ്പെട്ട ദിവസങ്ങൾ എന്നിവ ആഘോഷിക്കുന്നതിൽ രക്ഷകർത്താക്കളുടെയും സമൂഹത്തിന്റെയും സാന്നിധ്യവും പങ്കാളിത്തവും ഉറപ്പുവരുത്തുവാൻ മാധ്യമങ്ങളിൽ നിർദ്ദേശങ്ങൾ നൽകുകയും അവരുടെ സഹായങ്ങളും അഭിപ്രായങ്ങളും സ്വരൂപിക്കുകയും ചെയ്യുന്നു.

ആരോഗ്യപരിപാലനവുമായി ബന്ധപ്പെട്ട് നടത്തുവാൻ ആഗ്രഹിക്കുന്ന കർമ്മ പരിപാടികൾ അധികൃതരുമായി ചർച്ച ചെയ്ത് ഉടൻ ഒരു ഹെൽത്ത് പ്രോഗ്രാം എന്ന ലക്ഷ്യം സാധ്യമാക്കാൻ പരമാവധി സഹായങ്ങൾ അവരിൽ നിന്ന് സ്വീകരിക്കും.

- സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളിലും PTA, MPTA എന്നിവരുടെ സജീവ പങ്കാളിത്തത്തിന് വേദിയൊരുക്കുന്നു.
- പഠിക്കേണ്ടതും നടത്താനാവുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നു.
- കുട്ടികളുടെ പ്രവർത്തനങ്ങൾ ശാക്തീകരിക്കാൻ വിദ്യാഭ്യാസത്തിൽ ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കാനും, സെമിനാറുകൾ, ലഘു പരീക്ഷണങ്ങൾ, നിർമ്മാണ മോഡലുകൾ, ഗണിത ശാസ്ത്രവുമായി ബന്ധപ്പെട്ട ഇതര പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുന്നു.
- ലഹരിക്കെതിരെയുള്ള ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു.
- ദിനംപ്രതി കുട്ടികളെ മൂല്യബോധത്തിലേക്ക് കൊണ്ടുവരാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.
- പാഠ്യേതര പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്ന വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനം നടത്തി ജില്ലാ, ഉപജില്ലാ മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു.

## അവസ്ഥാവിശകലനം

അക്കാദമിക പ്രവർത്തനങ്ങളിൽ മികച്ച നിലവാരം പുലർത്തുന്നുണ്ട്. LSS, USS ക്വിസ് മത്സരങ്ങൾ, വിവിധ സ്കോളർഷിപ്പ് പരീക്ഷകൾ, പ്രവൃത്തിപരിചയം, വിവിധ തരം ശില്പശാലകൾ എന്നിവയിൽ പരിശീലനങ്ങൾ നൽകുന്നുണ്ട്. ഉപജില്ലാ ജില്ലാ മേളകളിൽ പങ്കെടുക്കുകയും സമ്മാനങ്ങൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാരംഗം പരിപാടികളിലൂടെ കുട്ടികളുടെ വിവിധ സർഗ്ഗാത്മക കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുള്ള കൂടുതൽ അവസരങ്ങൾ നൽകുന്നുണ്ട്. ഫീൽഡ് ട്രിപ്പ്, പഠനയാത്ര, ബോധവൽക്കരണ ക്ലാസ്സുകൾ, വിവിധ ദിനാചരണ പ്രവർത്തനങ്ങൾ, ജനകീയ പങ്കാളിത്തത്തോടു കൂടിയുള്ള ആഘോഷ പരിപാടികൾ എന്നിവ നടത്തിവരുന്നു. പഠനപുരോഗതിക്കായി നിരവധി അക്കാദമിക് പ്രവർത്തനങ്ങൾ സ്കൂളിൽ നടത്തിവരുന്നുണ്ട്.

ആഴ്ചയിൽ മൂന്നു ദിവസം അസംബ്ലി 3 ഭാഷകളിൽ നടന്നുവരുന്നു. IT പരിശീലനം, വിവിധയിനം ICT സാധ്യതകളിലും കൂടുതൽ മികവ് പുലർത്തുന്നുണ്ട്.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

### I അക്കാദമികം

- പഠനപിന്നോക്കം നിൽക്കുന്നവരെ ഉയർത്തിക്കൊണ്ടുവരൽ
- ക്ലാസ് ലൈബ്രറി
- സർഗ്ഗവേദി ശക്തിപ്പെടുത്തൽ
- സ്കൂൾ അസംബ്ലി
- സ്കൂൾ കലാമേള
- വായനാപ്രവർത്തനങ്ങൾ
- ഭാഷാ പരിപോഷണം
- തൊന്നു പ്രവർത്തനം
- സ്കൂൾ പത്രം
- സ്കൂൾ ക്ലബ്ബുകൾ

### II ഭൗതികം

- ജൈവവൈവിധ്യപാർക്ക്
- കുട്ടിവനം പദ്ധതി
- ഔഷധോദ്യാനം
- പച്ചപ്പന്തൽ
- കളിസ്ഥലം കളിയുപകരണങ്ങൾ
- സ്കൂൾ സ്റ്റോർ
- ക്ലാസ് മുറികൾ - സ്മാർട്ട്
- ഹരിതചട്ടം
- ലാബ് സാമഗ്രികൾ
- ICT സൗകര്യങ്ങൾ
- മാലിന്യ സംസ്കരണം.

### III സാമൂഹികം

- PTA, CPTA ശാക്തീകരണം
- പൂർവ്വ വിദ്യാർത്ഥി സംഘടന ശക്തിപ്പെടുത്തൽ
- ആഘോഷ ദിനങ്ങൾ ജനകീയമാക്കൽ
- കൂട്ടുകാരനൊരു കൈത്താങ്ങ്
- ലാംഗ്വേജ് ലാബ് വികസനം
- ക്ലാസ് ലൈബ്രറി